റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പൻ ഇവിടെ ഉന്നയിച്ചത്. ഈ സ്ഥലത്ത് പാറ പൊട്ടിക്കാനും ക്രഷർ യൂണിറ്റ് സ്ഥാപിക്കാനുമുള്ള അനുമതിക്കായി കമ്പനി അപേക്ഷിച്ചിട്ടുണ്ട് എന്നാണ് എനിക്ക് കിട്ടിയ വിവരം. ഈ ക്രഷർ യൂണിറ്റ് തുടങ്ങുന്നതിനെതിരായി നാട്ടുകാർ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതായി റിപ്പോർട്ടുണ്ട്. ഈ യൂണിറ്റ് പ്രവർത്തനം തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്ത് വിവിധ പാരിസ്ഥിതിക-ക്രമസമാധാന പ്രശ്നങ്ങൾക്ക് സാധ്യതയുള്ളതായും റിപ്പോർട്ടുണ്ട്. എന്തായാലും ക്രഷർ യൂണിറ്റിന് അനുമതി നൽകിയിട്ടില്ല. അനധികൃത ഖനനത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വില്ലേജ് ഓഫീസറോ റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥരോ അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പുദ്യോഗസ്ഥരോ ഏതെങ്കിലും തരത്തിൽ നിയമ വിരുദ്ധമായ പ്രവൃത്തികൾക്ക് കൂട്ടുനിൽക്കുകയോ സഹായിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ കർശനമായ നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നുതന്നെ ലാന്റ് റവന്യൂ കമ്മീഷണറോട് ഇതു സംബന്ധിച്ച് നേരിട്ട് അന്വേഷിക്കുവാൻ നിർദ്ദേശം നൽകാം.

(6) മായം ചേർന്ന ഭക്ഷ്യ വസ്തുക്കളുടെ ഇറക്കുമതി

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അതിഗുരുതരമായ ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. പാനീയങ്ങൾ, ഭക്ഷ്യവസ്തുക്കൾ, തുടങ്ങി അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷണ പദാർത്ഥങ്ങളിൽ മാരകമായ കീടനാശിനി പ്രയോഗിക്കുന്നതായി കണ്ടു വരികയാണ്. തേയിലയിൽ ഇരുമ്പുപൊടിയും, ഉപ്പിൽ പാറപ്പൊടിയും ചോക്കുപൊടിയും, മുളകു പൊടിയിൽ ചുടുകട്ടപ്പൊടിയും ഓട് പൊടിച്ചതും, മല്ലിപ്പൊടിയിൽ അറക്കപ്പൊടിയും ചേർക്കുന്നു. മഞ്ഞൾ പൊടിയിൽ പെയിന്റിംഗിന് ഉപയോഗിക്കുന്ന ട്രബ്രോ പൗഡർ എന്ന രാസവസ്തു ഉപയോഗിക്കുന്നു. പാൽ കേടുകൂടാതെ ഉപയോഗിക്കുന്നതിന് ഫോർമാലിൻ എന്ന രാസവസ്തു ഉപയോഗിക്കുന്നു. പാലിൽ പുളിപ്പ് വരാതിരിക്കുന്നതിനുവേണ്ടി ന്യൂട്രാലൈസർ എന്ന രാസവസ്തുവും ഉപയോഗിക്കുന്നു. ഭക്ഷണ പദാർത്ഥങ്ങൾക്ക് കൂടുതൽ രുചി കിട്ടുന്നതിനുവേണ്ടി ഹോട്ടലുകളിലെല്ലാം ഇപ്പോൾ മോണോ സോഡിയം ഗ്ലൂട്ടാമേറ്റ് എന്ന രാസനാമത്തിൽ അറിയപ്പെടുന്ന അജിനാമോട്ടോ വളരെ വ്യാപകമായി ഉപയോഗിക്കുകയാണ്. അതുപോലെ കാത്സ്യം കാർബൈഡാണ് പഴം പച്ചക്കറികൾ കേടുവരാതിരിക്കുന്നതിനുവേണ്ടി വ്യാപകമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഒരുപാട് കാര്യങ്ങൾ മന്ത്രിയോട് സൂചിപ്പിച്ചിട്ടുണ്ട് അതുകൊണ്ട് ദീർഘമായൊന്നും പറയുന്നില്ല. ആരോഗ്യ വകുപ്പുമന്ത്രി കൂടി ഇതിന് മറുപടി പറയേണ്ടതുണ്ട്. വെള്ളരിക്കയുടെ വെൺമ കൂട്ടുന്നതിനുവേണ്ടി സൾഫർ പുകച്ച് കയറ്റുന്നു. വെള്ളരിക്കയ്ക്ക് നല്ലനിറം കിട്ടുന്നതിനും തൂക്കം കിട്ടുന്നതിനുമൊക്കെ സൾഫർ ഉപയോഗിക്കുന്നു. അതുപോലെ ഒരുപാട് രാസവസ്തുക്കൾ ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. കാൻസർ പോലെയുള്ള മാരകമായ രോഗങ്ങൾ ഇതുമൂലം ഉണ്ടാകുന്നു. നമ്മുടെ ഹോട്ടലുകളിലും പഴം

LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറി കടകളിലുമെല്ലാം ഇത് വ്യാപകമായി ഉപയോഗിക്കുകയാണ്. അതുകൊണ്ട് ഇത് ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. അങ്ങും ഞാനും സഭാംഗങ്ങൾ ഉൾപ്പെടെ കേരളീയ സമൂഹം ഉപയോഗിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളിലെല്ലാം കീടനാശിനികളും രാസവസ്തുക്കളും അടങ്ങിയിരിക്കുന്നു. അതുകൊണ്ട് അത് തടയുന്നതിനു വേണ്ടിയുള്ള കർശന നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കുവാനുള്ളത്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം സഭയിൽ ഉന്നയിച്ചിരിക്കുന്നത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഒന്നാമത്തെ കാര്യം, നമ്മുടെ സംസ്ഥാനം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. 85 ശതമാനം ഭക്ഷ്യവസ്തുക്കളും അയൽ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതോ അല്ലെങ്കിൽ കുത്തക കമ്പനിയുടെ ഉൽപ്പന്നങ്ങളോ ആണ് നമ്മൾ ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ഗവൺമെന്റ് അതിന്റെ എല്ലാ മെഷീനറിയും ഉപയോഗിച്ച് നിരന്തരം പരിശോധനകൾ നടത്തിവരികയാണ്. സംസ്ഥാന വിപണിയിൽ വിറ്റഴിക്കുന്ന പാനീയങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, പച്ചക്കറികൾ എന്നിവയിൽ ഏറിയ പങ്കും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് അംഗീകാരമില്ലാത്ത രാസവസ്തുക്കൾ ഉപയോഗിക്കുന്നതായുള്ള ആരോപണം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഫ്.സി.ഐ. ഗോഡൗണിൽനിന്നും റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്നഭക്ഷ്യ വസ്തുക്കളിൽ ഹാനികരമായ ഘടകങ്ങൾ ചേർന്നിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്. സംശയകരമായ ഭക്ഷ്യ വസ്തുക്കൾ എഫ്.സി.ഐ.-യിൽ നിന്ന് ഏറ്റെടുക്കുവാൻ പാടില്ലെന്ന് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളിൽ കീടനാശിനികൾ ഉപയോഗിക്കുന്നത് മായംചേർക്കൽ നിരോധന ചട്ടം 65-ൽ നിഷ്കർഷിക്കുന്ന പ്രകാരമായിരിക്കണം. പാനീയങ്ങൾ, ഭക്ഷ്യ വസ്തുക്കൾ, പച്ചക്കറികൾ, മത്സ്യം തുടങ്ങി എല്ലാത്തരം ഭക്ഷ്യ വസ്തുക്കളിലും കാണപ്പെടുന്ന 143 തരം കീടനാശിനികളും പരിധിക്കു മുകളിൽ കാണപ്പെട്ടാൽ വിതരണക്കാർക്കെതിരെ ആരോഗ്യവകുപ്പിന് മായം ചേർക്കൽ നിരോധന നിയമ പ്രകാരം ക്രിമിനൽ നടപടി സ്വീകരിക്കാവുന്നതാണ്. ഹെൽത്ത് ഇൻസ്പെക്ടർ നേതൃത്വം നൽകുന്ന സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അപ്രകാരം കുറ്റം കണ്ടെത്തിയാൽ ഏഴ് വർഷംവരെ തടവിന് ശിക്ഷിക്കാവുന്നതാണ്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, എക്സൈസ്, റവന്യൂ, പോലീസ്, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡുകൾ പൊതു വിപണികളിൽ പരിശോധന നടത്തി വരുന്നുണ്ട്. ഇത്തരം പരിശോധനകളിൽ മായം ചേർത്തതോ ഹാനികരമായ മാസവസ്തു അടങ്ങിയിട്ടുള്ളതോ ആയ ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ കസ്റ്റഡിയിലെടുത്ത് പി.എഫ്.എ. ആക്ട് പ്രകാരമുള്ള ക്രിമിനൽ നടപടികൾ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly